# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4636** **25.06.2019-ൽ മറുപടിയ്ക്ക്**

## ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് വീട്

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിൽ പട്ടികയിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | എ) ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 2 മുതൽ 3 സെന്റ് വരെ ഭൂമി ഭവന നിർമ്മാണത്തിനായി വാങ്ങുന്നതിന് 6 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി 2016-17 വർഷം ഫിഷറീസ് വകുപ്പ് തീരദേശ ജില്ലകളിൽ നടപ്പിലാക്കിയിരുന്നു. മലപ്പുറം ജില്ലയ്ക്ക് പദ്ധതി പ്രകാരം 32 യൂണിറ്റുകൾ അനുവദിച്ചിരുന്നു. ജില്ലയിൽ അപേക്ഷ ക്ഷണിച്ചപ്പോൾ 494 അപേക്ഷകൾ ലഭിക്കുകയും അതിൽ പ്രാഥമിക പരിശോധനയിൽ 167 പേർ അർഹരാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ നിന്നുള്ള 20 പേരും ഉൾപ്പെട്ടിരുന്നു. അർഹരായവരോട് സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് സ്വന്തം പേരിലും ഭാര്യയുടെ പേരിലും ഭൂമി ഇല്ല എന്ന് റവന്യൂ വകുപ്പിൽ നിന്നുള്ള രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയെങ്കിലും ഇതിൽ 69 പേർ മാത്രമാണ് യഥാസമയം രേഖകൾ ഹാജരാക്കിയത്. വള്ളിക്കുന്ന് മണ്ഡലത്തിലെ ആർക്കും തന്നെ യഥാസമയം രേഖകൾ സമർപ്പിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. 12/06/2017- ന് ചേർന്ന ജില്ലാ കളക്ടർ ചെയർമാനായ ഗുണഭോക്തൃ സമിതി ഇത്തരത്തിൽ രേഖകൾ സമർപ്പിച്ച 69 പേരിൽ നിന്നും നറുക്കെടുപ്പിലൂടെ 29 പേരെ മെയിൻ ലിസ്റ്റിലും 40 പേരെ വെയിറ്റിംഗ് ലിസ്റ്റിലും ഉൾപ്പെടുത്തി അംഗീകാരം നൽകി. 3 പേർക്ക് സർക്കാർ ക്വാട്ടയിലും നൽകിയിരുന്നു. ഇതിൽ 21 പേർ പദ്ധതി പ്രവർത്തനം ആരംഭിച്ച് വിവിധ ഘട്ടങ്ങളിലാണ്. 9 പേർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വില നിശ്ചയിച്ച് കിട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.<br><br>12/06/2017 ലെ ഗുണഭോക്തൃ തെരെഞ്ഞെടുപ്പിനു ശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ 20 അപേക്ഷകരും ആവശ്യമായ രേഖകൾ സമർപ്പിച്ച സാഹചര്യത്തിൽ 03/02/2018- ന് ചേർന്ന പ്രത്യേക ഗുണഭോക്തൃ സമിതി യോഗം ഇവരെ കടലുണ്ടി മത്സ്യഗ്രാമത്തിന്റെ വെയിറ്റിങ് ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. |

അപേക്ഷകരുടെ എണ്ണവും നിരക്ക് അനുവദിച്ച യൂണിറ്റിന്റെയും അനുപാതത്തിൽ കടലുണ്ടി മത്സ്യ ഗ്രാമത്തിൽ അനുവദിക്കാവുന്ന പരമാവധി യൂണിറ്റ് മൂന്ന് എണ്ണം ആയിരുന്നു. 12/06/2017 ന് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ ഉണ്ടായിരുന്ന ഒരാൾ പദ്ധതിയിൽ തുടരാൻ താൽപര്യമില്ല എന്ന് അറിയിച്ചതിനാലും ഒരാൾ തുടരന്വേഷണത്തിൽ അനർഹനാണെന്ന് കണ്ടെത്തിയതിനാലും ഒഴിവു വന്ന 2 യൂണിറ്റുകൾ വള്ളിക്കുന്ന് മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) സാങ്കേതികതടസ്സങ്ങൾ നീക്കി എത്രയും പെട്ടെന്ന് അർഹരായവർക്ക് വീട് നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | ബി) നറുക്കെടുപ്പിലൂടെ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട 29 ഗുണഭോക്താക്കളിൽ 2 പേർ ടി ലിസ്റ്റിൽ നിന്നും ഇപ്പോൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മെയിൻ ലിസ്റ്റിന്റെ നറുക്കെടുപ്പിൽ കടലുണ്ടി മത്സ്യഗ്രാമത്തിലെ അപേക്ഷകർ ഉൾപ്പെടാതിരുന്ന സാഹചര്യം കണക്കിലെടുത്ത് നിലവിൽ ഒഴിവായിട്ടുള്ള 2 പേർക്ക് പകരം കടലുണ്ടി മത്സ്യഗ്രാമത്തിലെ 20 പേരിൽ നിന്നും കൂടുതൽ പരിഗണന നൽകേണ്ട 2 പേരെ കണ്ടെത്തി പ്രത്യേക ഗുണഭോക്തൃ സമിതി കൂടി സാങ്കേതികമായ തടസ്സം നീക്കി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**